REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 14-08-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- 78-ാം സ്വാതന്ത്ര്യദിനത്തലേന്നാളായ ഇന്ന് വൈകിട്ട് ഏഴിന് രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യത്തെ അഭിസംബോധന ചെയ്യും.
- ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാവിലെ ദേശീയപതാകയുയർത്തി രാജ്യത്തെ അഭിസംബോധന ചെയ്യും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാരും ദേശീയ പതാക ഉയർത്തും.
- സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പൊലീസ്, ഫയർ, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, കറക്ഷണൽ സേവന വിഭാഗങ്ങളിലായി 1,037 ഉദ്യോഗസ്ഥർക്ക് ധീരതയുടെയും സേവനത്തിന്റെയും മെഡലുകൾ പ്രഖ്യാപിച്ചു . വിശിഷ്ട സേവനത്തിന് ക്രൈംബ്രാഞ്ച് ADGP, H വെങ്കിടേഷിന് അവാർഡ്.
- വയനാട് ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച എല്ലാ കുടുംബങ്ങളും പുനരധിവാസ പാക്കേജിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ
- സംസ്ഥാനങ്ങൾക്ക് ധാതുക്കളുടെ മുൻകാല നികുതി കുടിശ്ശിക ഈടാക്കാമെന്ന് സുപ്രീം കോടതി . 2005 ഏപ്രിൽ ഒന്നിന് മുമ്പത്തെ കുടിശിക ഈടാക്കാനാവില്ലെന്നും കോടതി .

- അടുത്ത വർഷത്തെ ഹജ്ജിന് അപേക്ഷ ക്ഷണിച്ചു. അടുത്ത മാസം 9 വരെ അപേക്ഷിക്കാം.

## വാർത്തകൾ വിശദമായി

**78-ാം സ്വാതന്ത്ര്യദിനത്തലേന്നാളായ ഇന്ന് വൈകിട്ട് ഏഴിന് രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യത്തെ അഭിസംബോധന ചെയ്യും. ആദ്യം ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലുമാണ് രാഷ്ട്രപതിയുടെ അഭിസംബോധന.**

**ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ നിലയങ്ങളും രാഷ്ട്രപതിയുടെ പ്രസംഗം തൽസമയം പ്രക്ഷേപണം ചെയ്യും.**

**അഭിസംബോധനയുടെ മലയാള പരിഭാഷ ആകാശവാണി കേരള നിലയങ്ങൾ രാത്രി 9.30ന് പ്രക്ഷേപണം ചെയ്യും.**

✪✪✪

**78-ാം സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് രാജ്യം ഒരുങ്ങി. ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാവിലെ ദേശീയപതാകയുയർത്തി രാജ്യത്തെ അഭിസംബോധന ചെയ്യും.**

**ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**..............വോയ്സ്...........**

**വനിതാ ശാക്തീകരണ പദ്ധതികൾക്ക് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും അടിസ്ഥാനതലത്തിൽ നേതൃത്വം നൽകുന്ന അങ്കണവാടി ജീവനക്കാരുൾപ്പെടെ 161 പേർ ഇത്തവണ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പ്രത്യേക അതിഥികളായി പങ്കെടുക്കും. പഞ്ചായത്ത് തലങ്ങളിലെ 400 വനിതാ ജനപ്രതിനിധികളും പരിപാടിയിൽ സംബന്ധിക്കും.**

**സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾക്ക് ഡൽഹിയിൽ തയ്യാറെടുപ്പുകൾ പൂർത്തിയായി. ഡൽഹിയിൽ ശക്തമായ സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.**

**തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ ഒൻപതിന് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. സായുധ സേനാ വിഭാഗങ്ങളുടെയും മറ്റ് സേനകളുടെയും NCC, സ്കൗട്ട് ആന്റ് ഗൈഡ്സ്, സ്റ്റുഡൻസ് പൊലീസ് വിഭാഗങ്ങളുടെയും അഭിവാദ്യം മുഖ്യമന്ത്രി സ്വീകരിക്കും. തുടർന്ന് അദ്ദേഹം സ്വാതന്ത്ര്യദിന സന്ദേശം നൽകും.**

**ചടങ്ങിൽ രാഷ്ട്രപതിയുടെ പൊലീസ് മെഡലുകളും ജീവൻ രക്ഷാ പതക് പുരസ്കാരങ്ങളും മുഖ്യമന്ത്രി സമ്മാനിക്കും. നഗരത്തിലെ സ്കൂൾ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന ദേശഭക്തി പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.**

**ജില്ലകളിൽ മന്ത്രിമാർ സ്വാതന്ത്ര്യദിന ചടങ്ങുകൾക്ക് നേതൃത്വം നൽകും.**

**✪✪✪**

**സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പൊലീസ്, ഫയർ, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, കറക്ഷണൽ സേവന വിഭാഗങ്ങളിലായി 1,037 ഉദ്യോഗസ്ഥർക്ക് ധീരതയുടെയും സേവനത്തിന്റെയും മെഡലുകൾ പ്രഖ്യാപിച്ചു .**

**കേരളത്തിൽ നിന്ന് വിശിഷ്ട സേവനത്തിന് ക്രൈംബ്രാഞ്ച് ADGP, H വെങ്കിടേഷിനാണ് അവാർഡ്. കേരളത്തിൽ നിന്ന് ഒൻപത് പേർക്ക് സ്ത്യുത്യർഹ സേനത്തിന് നൽകുന്ന അവാർഡ് ലഭിച്ചു.**

**തെലങ്കാന പോലീസ് ഹെഡ് കോൺസ്റ്റബിൾ ചടുവു യാദയ്യയ്ക്കാണ് ധീരതയ്ക്ക് നൽകുന്ന രാഷ്ട്രപതിയുടെ മെഡൽ ലഭിച്ചത്. ധീരതയ്ക്കു നൽകുന്ന മെഡലിന് 213 പേരെ തിരഞ്ഞെടുത്തതായി കേന്ദ്ര ആഭ്യന്തരമന്ത്രാലയം അറിയിച്ചു. ഇതിൽ 208 എണ്ണം പോലീസ് ഉദ്യോഗസ്ഥർക്കാണ് ലഭിച്ചത്.**

**കേരളത്തിൽ നിന്ന് ഫയർ സർവീസിലെ ബിജു വി.കെ, ഷാജികുമാർ T, ദിനേശൻ CV, എന്നിവരുൾപ്പെടെ വിശിഷ്ടസേവനത്തിന് 94 പേർക്കാണ് രാഷ്ട്രപതിയുടെ മെഡൽ ലഭിച്ചത്. ഇതിൽ 75 എണ്ണം പോലീസ് സർവീസിനും, എട്ടെണ്ണം വീതം ഫയർ സർവീസിനും, സിവിൽ ഡിഫൻസ് & ഹോം ഗാർഡ് സർവീസിനും, 3 എണ്ണം കറക്ഷണൽ സർവീസിനുമാണ്.**

**മെറിറ്റോറിയസ് സേവനത്തിന് കേരളത്തിൽ നിന്ന് ഒൻപതുൾപ്പെടെ 729 പേരെയാണ് അവാർഡിന് തിരഞ്ഞെടുത്തത്. ഇതിൽ 624 എണ്ണം പോലീസ് സർവീസിനും, 47 എണ്ണം വീതം ഫയർ സർവീസിനും, സിവിൽ ഡിഫൻസ്, ഹോം ഗാർഡ് സർവീസിനും, 11 എണ്ണം കറക്ഷണൽ സർവീസിനുമാണ്.**

**കറക്ഷണൽ സർവീസിൽ കേരളത്തിൽ നിന്ന് സൂപ്രണ്ട് വിജയൻ P യെ അവാർഡിന് തിരഞ്ഞെടുത്തു.**

**✪✪✪**

**ഇന്ന് വിഭജനത്തിന്റെ ഓർമ്മ ദിനം. 1947-ലെ ഇന്ത്യാ - പാകിസ്ഥാൻ വിഭജന കാലത്തുണ്ടായ സംഘർഷത്തിന്റെ ഭയാനക ഓർമ്മകളും ജനങ്ങൾ നേരിട്ട കഷ്ടപ്പാടുകളും അനുസ്മരിക്കാൻ 2021 മുതലാണ് ദിനാചരണം ആരംഭിച്ചത്.**

**സാമൂഹിക വിഭജനം, സൗഹാർദ്ദമില്ലായ്മ എന്നിവയുടെ പൊരുത്തക്കേടുകൾ ഇല്ലായ്മ ചെയ്യേണ്ടതിന്റെ ആവശ്യകത പൗരന്മാരെ ഓർമ്മിപ്പിക്കാനാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.**

**രാജ്യവിഭജന സമയത്ത് ആഘാതങ്ങൾക്ക് ഇരയായവർക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രദ്ധാഞ്ജലിയർപ്പിച്ചു. വിഭജനം നിരവധി ആളുകൾക്കുണ്ടാക്കിയ ഗുരുതരമായ ആഘാതവും ദുരിതവും എക്സിലെ**

പോസ്റ്റിൽ മോദി അനുസ്മരിച്ചു. രാജ്യത്തെ ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ബന്ധങ്ങൾ സംരക്ഷിക്കാൻ പ്രതിബദ്ധത അദ്ദേഹം ആവർത്തിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു രാഷ്ട്രപതി ഭവനിൽ അമൃത് ഉദ്യാൻ സമ്മർ ആനുവൽസ് ഉദ്ഘാടനം ചെയ്തു. അമൃത് ഉദ്യാനം വെള്ളിയാഴ്ച മുതൽ സെപ്റ്റംബർ 15 വരെ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കും. ദേശീയ കായിക ദിനത്തോടനുബന്ധിച്ച് ഈ മാസം 29 ന് നടക്കുന്ന അമൃത് ഉദ്യാനത്തിന് സാക്ഷ്യം വഹിക്കാൻ കായിക താരങ്ങളെ ക്ഷണിച്ചിട്ടുണ്ട്. സ്കൂളുകളിലെയും സർവ്വകലാശാലകളിലെയും അധ്യാപകരോടും പൂക്കൾ കാണാൻ നിർദേശിച്ചു.

ഇത്തവണ ഉദ്യാൻ ഉത്സവിൽ നിരവധി പുതിയ ഫീച്ചറുകൾ അവതരിപ്പിച്ചിട്ടുണ്ട്. യുവമനസ്സുകളെ അമൃത് ഉദ്യാനത്തിന്റെ ചൈതന്യത്താൽ ജ്വലിപ്പിക്കാൻ സ്കൂൾ കുട്ടികൾക്ക് ബട്ടൺ ബാഡ്ജുകൾ വിതരണം ചെയ്യും. മറ്റൊരു പുതിയ ഫിസിക്കൽ സെറ്റപ്പ്, ഒരു ഇന്ററാക്ടീവ് സൗണ്ട് പൈപ്പ് പ്രദർശനമാണ്. ശബ്ദ ശാസ്ത്രത്തിന്റെ ആകർഷകമായ ലോകം നേരിട്ട് അനുഭവിക്കാൻ ഇത് കുട്ടികളെ അനുവദിക്കും. സന്ദർശകർക്ക് അതുല്യവും പരിസ്ഥിതി സൗഹൃദവുമായ സീഡ് പേപ്പേഴ്സ് മെമന്റോയും സമ്മാനിക്കും.

രാഷ്ട്രപതി ഭവന്റെ വെബ്സൈറ്റിൽ ടിക്കറ്റുകൾ ബുക്ക് ചെയ്യാം. പ്രവേശനം സൗജന്യമാണ്.

✪✪✪

വയനാട് ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച എല്ലാ കുടുംബങ്ങളും പുനധിവാസ പാക്കേജിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 6 ലക്ഷം നൽകുമെന്ന് തിരുവനന്തപുരത്ത് അദ്ദേഹം വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മരിച്ചവരുടെ കുടുംബങ്ങൾ ഇല്ലെങ്കിൽ അടുത്ത ബന്ധുക്കൾക്ക് നൽകും. കാണാതായവരുടെ ആശ്രിതർക്കും ധനസഹായം നൽകും .

പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുമെന്നും, അത് ലഭിക്കാനുള്ള ആക്ഷേപ പരിപരിധി 30 ദിവസം എന്നത് ഒഴിവാക്കുമെന്നും അദ്ദേഹം പറഞ്ഞു. വയനാട് ദുരന്തത്തിൽ 231 മൃതദേഹങ്ങളും, 271 ശരീരഭാഗങ്ങളും കണ്ടെത്തിയതായി മുഖ്യമന്ത്രി പറഞ്ഞു. കണ്ടെടുത്ത എല്ലാ ശരീരഭാഗങ്ങളുടെയും പോസ്റ്റുമോർട്ടം നടത്തിയതായും അദ്ദേഹം പറഞ്ഞു. 115 DNA സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

വയനാട് ജില്ലയുടെ പലഭാഗങ്ങളിലും  അതിതീവ്ര മഴ പെയ്യുന്ന സാഹചര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് മന്ത്രി കെ രാജൻ പറഞ്ഞു.  തിങ്കളാഴ്ചക്കു ശേഷം ഒറ്റപ്പെട്ട ശക്തമായ മഴ ലഭിക്കുമെന്ന് നേരത്തെ തന്നെ കാലാവസ്ഥ പ്രവചനം ഉണ്ടായിരുന്നു. ഇപ്പോൾ പെയ്യുന്ന മഴയും ചൂരൽമല ദുരന്തവുമായി ബന്ധമില്ലെന്നും, കാലാവസ്ഥ സൂക്ഷ്മമമായി നിരീക്ഷിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു .

✪✪✪

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനെ കണ്ടെത്താൻ  തെരച്ചിൽ  പുരോഗമിക്കുന്നു. മത്സ്യത്തൊഴിലാളിയും മുങ്ങൽ വിദഗ്ധനുമായ ഈശ്വർ മൽപെയുടെ നേതൃത്വത്തിൽ കൂടതൽ പേർ പുഴയിലിറങ്ങി  പരിശോധന  തുടരുകയാണ്.

നാവിക സേനാംഗങ്ങളും SDRF  സംഘാംഗങ്ങളും പുഴയിലിറങ്ങിയിട്ടുണ്ട്. പുഴയുടെ മധ്യഭാഗത്തെ  തുരുത്തിലാണ് നാവിക സേനയുടെ തെരച്ചിൽ സംഘമുള്ളത്. കാർവാർ എംഎൽഎ സതീഷ് കൃഷ്ണ സെയിൽ ഉൾപ്പെടെ തുരുത്തിലേക്ക് ബോട്ടിൽ പോയിട്ടുണ്ട്.  ഷിരൂരിൽ കാലാവസ്ഥ അനുകൂലമാണെന്നും വ്യക്തമായ സോണാർ സിഗ്നൽ ലഭിച്ചിട്ടുണ്ടെന്നും ഡിഫൻസ് പിആർഒ കമാൻഡർ അതുൽ പിള്ള പറഞ്ഞു.

✪✪✪

സംസ്ഥാനങ്ങൾക്ക് ധാതുക്കളുടെ മുൻകാല നികുതി കുടിശ്ശിക ഈടാക്കാമെന്ന് സുപ്രീം കോടതി  വ്യക്തമാക്കി.  എന്നാൽ 2005 ഏപ്രിൽ ഒന്നിന് മുമ്പത്തെ കുടിശിക ഈടാക്കാനാവില്ലെന്നും  സുപ്രീംകോടതി ഉത്തരവിൽ അറിയിച്ചു.

ധാതുക്കളുടെ അവകാശങ്ങൾക്ക് നികുതി ചുമത്താനുള്ള സംസ്ഥാനങ്ങളുടെ അധികാരം ഉയർത്തിപ്പിടിച്ച് ജൂലൈ 25 ന് പുറപ്പെടുവിച്ച വിധി, വരാനിരിക്കുന്ന കാലത്തേക്ക് മാത്രമേ  പ്രാബല്യത്തിൽ  വരുത്താവൂ എന്ന വാദം സുപ്രീം കോടതി തള്ളി.

ധാതുക്കളുടെ മേൽ നികുതി ചുമത്താൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടെന്നും മൈൻസ് ആൻഡ് മിനറൽ ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ ആക്ട് 1957 - സംസ്ഥാനങ്ങളുടെ അത്തരം അധികാരം പരിമിതപ്പെടുത്തുന്നില്ലെന്നും ജൂലൈ 25ന് സുപ്രീം കോടതി വിധിച്ചിരുന്നു.

✪✪✪

അടുത്ത വർഷത്തെ ഹജ്ജിന് അപേക്ഷ ക്ഷണിച്ചു.  അടുത്ത മാസം 9 വരെ അപേക്ഷിക്കാം. ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജുവും ന്യൂനപക്ഷകാര്യ സഹമന്ത്രി ജോർജ്ജ് കുര്യനും ചേർന്ന് ഹജ്ജ് അപേക്ഷ  ന്യൂഡൽഹിയിൽ

ഉദ്ഘാടനം ചെയ്തു. അടുത്ത വർഷത്തെ ഹജ്ജിന് സൗദി അറേബ്യ ഇന്ത്യക്ക് ഒരു ലക്ഷത്തി 75,000 ത്തിലധികം പേർക്ക് ക്വാട്ട അനുവദിച്ചിട്ടുണ്ടെന്ന് ലോഞ്ചിന് ശേഷം മാധ്യമങ്ങളെ അഭിസംബോധന ചെയ്ത റിജിജു പറഞ്ഞു. ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിന് പുറമെ ഹജ് സുവിധ ആപ്പിലും അപേക്ഷ നൽകാമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

സിറോ മലബാർ സഭയുടെ വടക്കൻ കേരളത്തിലെ ആദ്യത്തെ ബസിലിക്കയായി മാറുകയാണ് കണ്ണൂർ ചെമ്പേരി ലൂർദ് മാതാ ദേവാലയം. ചെമ്പേരി ദേവാലയത്തെ ബസിലിക്കയായി ഉയർത്തുന്നതിന്റെ ഔദ്യോഗിക പ്രഖ്യാപനം ഉച്ചയ്ക്ക് ശേഷം നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.......(വോയ്സ്)........

✪✪✪

തെക്കൻ ശ്രീലങ്കക്ക് മുകളിൽ രൂപപ്പെട്ട ചക്രവാത ചുഴിയെ തുടർന്ന് കേരളത്തിൽ ഞായറാഴ്ച വരെ ഇടിമിന്നലോടുകൂടിയ കനത്ത മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ നിരീക്ഷണകേന്ദ്രം അറിയിച്ചു. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും മുന്നറിയിപ്പ് നൽകി.

അതിശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് എറണാകുളം, തൃശൂർ ജില്ലകളിലും ലക്ഷദ്വീപിലും ഓറഞ്ച് ജാഗ്രത നൽകി. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

ശക്തമായ കാറ്റിന് സാധ്യത കണക്കിലെടുത്ത് കേരള, ലക്ഷദ്വീപ് തീരങ്ങളിൽ വരെ മീൻപിടിത്തത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

മദ്യനയവുമായി ബന്ധപ്പെട്ട അഴിമതി കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് സുപ്രീം കോടതി ഇടക്കാല ജാമ്യം നിഷേധിച്ചു. ആം ആദ്മി പാർട്ടി നേതാവിന്റെ ജാമ്യാപേക്ഷയിൽ സിബിഐയുടെ മറുപടി തേടിയ കോടതി കേസ് ഈ മാസം 23ലേക്ക് മാറ്റി.

മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കസ്റ്റഡിയിലിരിക്കെ ജൂൺ 26 നാണ് കെജരിവാളിനെ സിബിഐ അറസ്റ്റ് ചെയ്തത്.

✪✪✪

ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെയും പച്ചക്കറികളുടെയും വില നിയന്ത്രിക്കാൻ ശക്തമായ നടപടിയെടുക്കുമെന്ന് മന്ത്രി G.R. അനിൽ അറിയിച്ചു. വിലക്കയറ്റ സാഹചര്യം ചർച്ച ചെയ്യാൻ ലാൻഡ് റവന്യൂ കമ്മീഷണറുടെയും ജില്ലാ കലക്ടർമാരുടെയും ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥരുടെയും യോഗത്തിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി. വിലസാഹചര്യം അവലോകനം ചെയ്യാൻ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാനതല കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഓഗസ്റ്റ് ആദ്യവാരം ജൂലൈ 31-ന് അവസാനിച്ച ആഴ്ചയേക്കാൾ വില കുറഞ്ഞതായി കണ്ടെത്തിയതായും മന്ത്രി പറഞ്ഞു.

✪✪✪

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമൂഹത്തിൽ കൂടുതൽ അവബോധം ആവശ്യമാണെന്ന് സംസ്ഥാന വനിതാ കമ്മിഷന് അധ്യക്ഷ P. സതീദേവി അഭിപ്രായപ്പെട്ടു. കൊച്ചിയിൽ കമ്മീഷൻ അദാലത്തിന് ശേഷം സംസാരിക്കുകയായിരുന്നു അവർ. ഈ വർഷത്തെ ബോധവത്കരണ പരിപാടികളുടെ ഭാഗമായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ജാഗ്രതാ സമിതി അംഗങ്ങൾക്ക് കൃത്യമായ പരിശീലനം ഉറപ്പാക്കുമെന്നും സ്ത്രീധന വിപത്തിനെതിരെ പ്രത്യേക ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുമെന്നും അവർ അറിയിച്ചു.

✪✪✪